# കുടിച്ചവെള്ളത്തിൽ വിശ്വസിക്കരുത്, കഴിക്കുന്ന ആഹാരത്തിലും

**വാണി. വി**

**എങ്ങോട്ടാണ്** നമ്മുടെ ഹരിതവിപ്ലവ പിതാവിന്റെ പോക്ക്? ഇന്ത്യയിലെ കൃഷിയുടെ നട്ടെല്ല് തർത്ത കൃഷി ശാസ്ത്രജ്ഞൻ (കൃഷിശാസ്ത്രജ്ഞൻ എന്ന് വിശേഷിപ്പിക്കാമോ?..അതോ കൃഷി ശത്രുവോ?). ഇക്കഴിഞ്ഞ ജൂൺ 19ന് 27-ാമത് ലോകഭക്ഷ്യ പുരസ്കാരം മൊൺസാന്റോയ്ക്ക് സമ്മാനിക്കാൻ തീരുമാനിക്കുമ്പോൾ ഇന്ത്യയുടെ ഹരിതവിപ്ലവത്തിന്റെ പിതാവ് ഡോ. എം.എസ്. സ്വാമിനാഥൻ പുരസ്കാര നിർണ്ണയ സമിതിയിൽ അംഗമായിരുന്നു.

വിത്തുകൾ കൈയാളുന്നത് വഴി, ലോകത്തിന്റെ ആകമാനം ഭക്ഷ്യ നിയന്ത്രണം തങ്ങളുടെ കൈകൾക്കുള്ളിൽ ഒതുക്കണം എന്ന ദുഷ്ചിന്തയുള്ള മൊൺസാന്റോയ്ക്ക് എന്ത് അടിസ്ഥാനത്തിലാണ് ഈ ഭക്ഷ്യപുരസ്കാരം കൊടുക്കുന്നത് എന്ന് ലോകം അത്ഭുതപ്പെട്ടു.

ജനിതകമാറ്റം വരുത്തിയ വിത്തുകളും വിളകളും ലോകമെങ്ങും വ്യാപിപ്പിക്കാൻ വേണ്ടിയുള്ള തന്ത്രത്തിന്റെ ഭാഗമായാണ് ഈ പുരസ്കാര ലബ്ധി. ഇതിൽ ഒരു തമാശയുണ്ട്, വേൾഡ് ഫുഡ് പ്രൈസിന്റെ പ്രായോജകരിൽ പ്രധാനി മൊൺസാന്റോയും സിൻജന്റ ഫൗണ്ടേഷനുമാണ്. ഏർപ്പാടാക്കിയതും വാങ്ങുന്നതും ഒരേ ആൾ തന്നെ.

മൊൺസാന്റോ ഭക്ഷ്യവിളകളിൽ ചെയ്തുകൂട്ടുന്ന, നൈതികത തൊട്ടുതീണ്ടിയിട്ടില്ലാത്ത ജനിതകമാറ്റ പരീക്ഷണങ്ങൾക്ക് എതിരെ ലോകജനത രംഗത്ത് വരുന്ന ഈ ഘട്ടത്തിൽ ഒരു ക്ലീൻ സർട്ടിഫിക്കറ്റിന് വേണ്ടി സ്വന്തമായി സ്പോൺസർ ചെയ്ത അവാർഡ്. അത് ഒരുളുപ്പുമില്ലാതെ നിർണ്ണയിക്കാൻ പോയത് ഹരിതവിപ്ലവത്തിന്റെ പിതാവും.

ലോക ഭക്ഷ്യ പുരസ്കാരത്തിന്റെ മാനദണ്ഡമായ 'പോഷകസമ്പുഷ്ഠമായ ഭക്ഷണത്തിന്റെ സുസ്ഥിര വിതരണം സാധ്യമാക്കുക' എന്നുള്ളത് എങ്ങനെയാണ് മൊൺസാന്റോയ്ക്ക് യോജിക്കുക? തങ്ങൾ ഉണ്ടാക്കുന്ന കീടനാശിനികൾക്കും കളനാശിനികൾക്കും അനുയോജ്യമായ വിളകൾ ഉണ്ടാക്കാൻ ഗവേഷിക്കുന്നവർ ഈ ലോകത്തെ വിഷലിപ്തമാക്കി രോഗാതുരമാക്കുക മാത്രമല്ല, ഒട്ടേറെ ജീവജാതികളെ വംശനാശത്തിലേക്ക് നയിക്കുകകൂടി ചെയ്യുന്നു.

ജനിതകമാറ്റം വരുത്തിയ വിളകൾ കൃഷി ചെയ്യാനുള്ള അനുമതി കൊടുക്കുന്നതിനായി ബയോടെക്നോളജി റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ ബില്ലിന് അംഗീകാരം നേടിയെടുക്കാൻ കേന്ദ്ര സർക്കാർ പാർലമെന്റിൽ ശ്രമിക്കുമ്പോഴാണ് ജി.എം വിത്തുകളുടെ കുത്തക കമ്പനിയായ മൊൺസാന്റോയ്ക്ക് ഭക്ഷ്യ പുരസ്കാരം ലഭിച്ചിരിക്കുന്നത്. വരികൾക്കിടയിലും അതിനപ്പുറവും വായിച്ചാൽ മൊൺസാന്റോയെ വൈകാതെ ഇന്ത്യയുടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്ന പണിയേൽപ്പിക്കാൻ ഡോ.എം.എസ്. സ്വാമിനാഥന് താത്പര്യമുള്ളതായി മനസിലാക്കാം.

ഹരിതവിപ്ലവത്തിന്റെ ദുരന്തചരിത്രവും പ്രത്യാഘാതങ്ങളും നമുക്ക് മുന്നിലുണ്ടായിട്ടും എൻഡോസൾഫാനും കാസർഗോഡും പഞ്ചാബുമൊക്കെ തെളിവുകളായി നമ്മെ വേട്ടയാടുമ്പോഴും ഡോ.എം.എസ്. സ്വാമിനാഥന് വ്യതിചലനമില്ലെന്നാണ് കാണാൻ കഴിയുന്നത്. കരാർകൃഷി, കുട്ടനാട് പാക്കേജ്, ഇക്കോ ടൂറിസം, പ്രത്യേക കാർഷിക മേഖല എന്നിങ്ങനെ കൃഷിയെ തകർക്കുന്ന, കർഷകരെ ഉന്മൂലനം ചെയ്യുന്ന പദ്ധതികളുമായി അദ്ദേഹം മുന്നോട്ട് പോവുകയാണ്. ജനായത്ത വ്യവസ്ഥയെ കുത്തകകൾക്ക് തീറെഴുതിക്കൊടുക്കുന്ന ഈ കപട ശാസ്ത്രജ്ഞനെ നമ്മൾ തിരിച്ചറിയുക തന്നെ വേണം.

ഇനിയെങ്കിലും നമ്മുടെ മണ്ണ് ഹരിതവിപ്ലവ പ്രതിനായകനിൽ നിന്നും ജനിതകമാറ്റ വിളകളുടെ കുത്തകകമ്പനിയായ മൊൺസാന്റോയിൽ നിന്നും വിഷലിപ്തമാവാതെ കാക്കാൻ നമുക്ക് കഴിയണം. ജനകീയ പരിസ്ഥിതി ചെറുത്തുനിൽപ്പുകളാണ് അതിന് മുൻകൈയെടുക്കേണ്ടത്. നിത്യഹരിത വിപ്ലവത്തിന്റെ ഈ മാതൃകകളെ കുടിച്ചവെള്ളത്തിൽ വിശ്വസിക്കരുത്, കഴിക്കുന്ന ആഹാരത്തിലും. ■